(ബി) എങ്കിൽ ആരെങ്കിലും അത് ലംഘിച്ചിട്ടുണ്ടോയോ ലംഘിക്കാൻ പോകുന്നതായോ ഗവൺമെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അപ്രകാരം പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) അഗസ്ത്യകൂടം വനപ്രദേശം വന്യജീവി സംരക്ഷണ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ വനം വകുപ്പിലെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽനിന്നും അനുവാദം വാങ്ങിയ ശേഷമെ സാങ്ചുവറിയിൽ പ്രവേശിക്കാൻ പാടുള്ളൂ.

(ബി) ഉണ്ട്.

(സി) സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ക്യാച്ച്മെൻറ് ഏരിയയിൽ വനവൽക്കരണം

856 [1861] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ജലസംഭരണികളുടെ ക്യാച്ച്മെൻറ് ഏരിയകളിലെ വൃക്ഷങ്ങൾ നശിച്ചുപോയതുകാരണം മണ്ണൊലിപ്പിൻറെ ദുഷ്യഫലങ്ങൾ ഇരയായിരിക്കുന്ന വസ്തുത ഗവൺമെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ക്യാച്ച്മെൻറ് ഏരിയകളിൽ ഒരു പ്രത്യേക പരിപാടിയായി വനവൽക്കരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കേന്ദ്രഗവൺമെൻറിന് ഇപ്രകാരം ഒരു സ്കീം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ക്യാച്ച്മെൻറ് ഏരിയകളിൽ വച്ചുപിടിപ്പിച്ചു വിഷമപ്പെട്ടാൽ നടികൾ വരണ്ടുണങ്ങുവാൻ സാദ്ധ്യതയുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) ക്യാച്ച്മെൻറ് ഏരിയായിൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് കേരള ഫോറസ്ട്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇടുക്കി ജലസംഭരണിയുടെ ക്യാച്ച്മെൻറ് ഏരിയായിൽ മണ്ണൊലിപ്പിൻറെ ദുഷ്യങ്ങൾ ഉള്ളതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ഇടുക്കി ക്യാച്ച്മെൻറ് ഏരിയായുടെ മണ്ണൊലിപ്പ് സംരക്ഷണം 100% കേന്ദ്രസഹായത്തോടെ ആർ. എൽ. ഇ. ജി. പി. പ്രോജക്ട് പ്രകാരം നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(എഫ്) ഗവൺമെൻറിന് നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly